**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 480. 06.02.2013 ൽ മറുപടിയ്ക്ക്

<u>ബസ്സുകളിൽ സംവരണം ചെയ്യപ്പെട്ട സീറ്റുകൾ കൈയ്യേറുന്നവർക്ക് പിഴശിക്ഷ</u>

| <u>ചോദ്യം</u><br>ശ്രീമതി പി. അയിഷാ പോറ്റി | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ബസ്സുകളിൽ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരൻമാർ തുടങ്ങിയവർക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകൾ കൈയ്യേറുന്നവർക്ക് പിഴശിക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ബസുകളിൽ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ തുടങ്ങിയവർക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകൾ കൈയ്യേറുന്നത് 1988- ലെ മോട്ടോർ വാഹന നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം 100/- രൂപ പിഴ ചുമത്താവുന്ന കുറ്റമാണ്. നിയമം ലംഘിക്കുന്നവർ ടി പിഴ ചുമത്താവുന്ന കുറ്റമാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുന്ന നിശ്ചിതമാതൃകയിലുള്ള ബോർഡ് യാത്രാബസ്സുകളിൽ നിയമപ്രകാരം നിർബന്ധമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് 1989 ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 269 ഭേദഗതി ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും ഇക്കാര്യത്തിന്മേൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായവും നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്നതുമാണ്. ഈ വിഷയത്തിലുള്ള പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരിശോധിച്ചതിന് ശേഷം അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) പ്രസ്തുത യാത്രക്കാർക്ക് സീറ്റ് ഉറപ്പു വരുത്തുന്നതിൽ കണ്ടക്ടർമാർ വീഴ്ച വരുത്തുന്നുണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ചു വരുന്നതും സ്വീകരിക്കാവുന്നതുമായ നടപടികൾ വിശദമാക്കാമോ ? | (ബി) | സീറ്റ് സംവരണത്തിന് അർഹതയുള്ള വിഭാഗക്കാർക്ക് സീറ്റ് ഉറപ്പ വരുത്തുന്നതിന് കണ്ടക്ടർ വീഴ്ച വരുത്തുകയാണെങ്കിൽ മോട്ടോർ വാഹന നിയമത്തിലെ 177-ാം വകുപ്പ് അനുസരിച്ച് പിഴ ഈടാക്കുന്നതാണ്. കണ്ടക്ടർമാർ പ്രസ്തുത കുറ്റം |

| | | |
|---|---|---|
| | | ആവർത്തിക്കുകയാണെങ്കിൽ 33-ാം വകുപ്പ് അനുസരിച്ച് കണ്ടക്ടർ ലൈസൻസ് ഒരു വർഷം വരെ റദ്ദ് ചെയ്യുവാൻ ലൈസൻസിംഗ് അതോറിറ്റിയ്ക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ.